154648/2022

YEARS OF CELEBRATING THE MAHATMA

പാലക്കാട് ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ: മൃൺമയി ജോഷി ,ഐ.എ.എസ്)

വിഷയം :- ജല ജീവൻ മിഷൻ - പാലക്കാട് ജില്ല-സർക്കാർ ഭൂമിയുടെ ഉപയോഗാനുമതി നൽകി ഉത്തരവാകുന്നു

ഫയൽ നമ്പർ DCPKD/778/2022-LRG2 തീയതി : 23-06-2022

പരാമർശം: (1) എക്സിക്യൂട്ടീവ് എൻജിനീയർ ,കേരള വാട്ടർ അതോറിറ്റി,ചിറ്റൂരിന്റെ 27.04.2022 ലെ NO.KWA/PD/CTR/DB-70/2019 നം കത്ത്

(2) പാലക്കാട് തഹസിൽദാരുടെ 14.05.2022 തീയതിയിലെ റിപ്പോർട്ട്

(3) ചിറ്റൂർ തഹസിൽദാരുടെ 21.06.2022 ലെ റിപ്പോർട്ട്

(4) ആലത്തൂർ തഹസിൽദാരുടെ 21.06.2022 ലെ റിപ്പോർട്ട്

(5) പാലക്കാട് ആർ.ഡി.ഒ യുടെ 14.06.2022,22.06.2022 ലെ RDOPKD/3250/2022-C1 നം കത്ത്

(6) റവന്യൂ (എൽ) വകുപ്പിന്റെ സ.ഉ(കൈ)നം 161/2022/RD തീയതി 17.06.2022 ലെ ഉത്തരവ്

പാലക്കാട് ജില്ലയിൽ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന "ജല ജീവൻ മിഷന്റെ" ഭാഗമായി കുടിവെള്ള പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിക്ക് ഭൂമി അനുവദിക്കണമെന്ന പരാമർശം (1) ലെ കത്ത് പ്രകാരം ബന്ധപ്പെട്ട തഹസിൽദാർമാർ സൂചന (2) പ്രകാരം സമർപ്പിച്ച റിപ്പോർട്ട് പാലക്കാട് ആർ.ഡി.ഒ സൂചന (4) പ്രകാരം ശുപാർശയോടു കൂടി അംഗീകരിച്ച് സമർപ്പിച്ചിട്ടുള്ളതാണ്.

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടു കൂടി കേരളത്തിലെ മുഴുവൻ കുടുംബങ്ങൾക്കും പുതിയ വാട്ടർ കണക്ഷൻ നൽകുന്നതിനുള്ള പദ്ധതിയാണ് ജൽ ജീവൻ മിഷൻ പദ്ധതി.പാലക്കാട്ട ജില്ലയിലെ രൂക്ഷമായ കുടിവെള്ള പ്രശ്നത്തിന് പരിഹാരമാകാവുന്ന ,മുഴുവൻ ഗ്രാമീണ കുടുംബങ്ങൾക്കും ശുദ്ധമായ കുടിവെള്ളം പൈപ്പ് വഴി ലഭ്യമാക്കുന്ന പദ്ധതിയാണിത്.

മുഖ്യമന്ത്രിയുടെ മുൻഗണനാ പദ്ധതിയിൽ ഉൾപ്പെട്ട ജൽ ജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ നിരവധി യോഗങ്ങൾ നടത്തിയിട്ടുള്ളതും ,പദ്ധതിയുടെ ത്വരിത ഗതിയിലുള്ള നടത്തിപ്പിനായി ലഭ്യമായ ഭൂമി സംബന്ധിച്ച വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് തഹസിൽദാർമാർക്ക് കർശന നിർദ്ദേശം നൽകിയിരുന്നതുമാണ്. ആയതു പ്രകാരം ടി ഭൂമിയുമായി ബന്ധപ്പെട്ട സ്കെച്ച്,മഹസ്സർ എന്നിവ സഹിതം ബന്ധപ്പെട്ട തഹസിൽദാർമാർ റിപ്പോർട്ട് നൽകിയിട്ടുള്ളതുമാണ്.ശുപാർശ ഭൂമികൾ വില്ലേജ് റിക്കോർഡു പ്രകാരം വിവിധ സർക്കാർ വകുപ്പുകളുടെ അധീനതയിൽ ആണെന്ന് കാണുന്നു.മേൽ റിപ്പോർട്ടുകൾ പരിശോധിച്ചതിൽ താഴെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരമുള്ള ഭൂമി നിബന്ധനകൾക്ക് വിധേയമായി കേരള വാട്ടർ അതോറിറ്റിക്ക് ഉപയോഗാനുമതി നൽകാവുന്നതാണെന്ന് കാണുന്നു.

## ഉത്തരവ്

മേൽ സാഹചര്യത്തിൽ , പാലക്കാട് ജില്ലയിലെ വിവിധ താലൂക്കുകളിൽ ഉൾപ്പെട്ടു വരുന്ന താഴെ പറയുന്ന പട്ടിക പ്രകാരമുള്ള സർക്കാർ ഭൂമികൾ കേരള വാട്ടർ അതോറിറ്റിക്ക് വാട്ടർ ടാങ്ക്

നിർമ്മിക്കുന്നതിനായി ,നിർദ്ദിഷ്ട ഭൂമികളുടെ ഉടമസ്ഥാവകാശം അതാത് വകുപ്പുകളിൽ തന്നെ നിലനിർത്തി കൊണ്ട് റവന്യൂ (എൽ) വകുപ്പിന്റെ സ.ഉ(കൈ)നം 161/2022/RD തീയതി 17.06.2022 ലെ ഉത്തരവ് പ്രകാരം നിബന്ധനകൾക്ക് വിധേയമായി താഴെ പറയുന്ന ഭൂമികൾ കേരള വാട്ടർ അതോറിറ്റിക്ക് ഉപയോഗാനുമതി നൽകി കൊണ്ട് ഉത്തരവാകുന്നു.

| ക്രമനം | താലൂക്ക് | വില്ലേജ് | ബ്ലോക്ക് | സർവ്വേ നം | ഹെക്ടർ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | പാലക്കാട് | ഇലപ്പുള്ളി 1 | 39 | 357/3 | 0.0507 | ഇലപ്പുള്ളി പഞ്ചായത്ത് |
| 2 | പാലക്കാട് | കണ്ണാടി 2 | 50 | 344 | 0.0526 | ഇറിഗേഷൻ വകുപ്പ് |
| 3 | പാലക്കാട് | പറളി 1 | 17 | 548/9 | 0.2024 | പറളി പഞ്ചായത്ത് |
| 4 | ചിറ്റൂർ | മുതലമട 1 | 21 | 333/1 | 0.0608 | കെ.എസ്.എച്ച്.ബി |
| 5 | ആലത്തൂർ | കോട്ടായി 1 | 1 | 699/4 | 0.1460 | കോട്ടായി പഞ്ചായത്ത് |
| 6 | ആലത്തൂർ | കോട്ടായി 2 | 2 | 304 | 0.0911 | ഇറിഗേഷൻ വകുപ്പ് |
| 7 | ആലത്തൂർ | കോട്ടായി 2 | 2 | 1/1 | 0.0175 | കോട്ടായി പഞ്ചായത്ത് |

<u>നിബന്ധനകൾ</u>

1. ഉപയോഗാനുമതി ലഭിച്ച് ഒരു വർഷത്തിനുള്ളിൽ അനുവദിക്കപ്പെട്ട ആവശ്യത്തിന് ടി ഭൂമി വിനിയോഗിക്കേണ്ടതാണ്.
2. ഭൂമി ഉപ പാട്ടത്തിന് നൽകുവാനോ തറവാടകയ്ക്ക് നൽകാനൊ, അന്യാധീനപ്പെടുത്താനൊ, ഭാഗികമായി മറ്റ് ആവശ്യങ്ങൾക്ക് അനുവദിക്കാനോ, കൈമാറ്റം ചെയ്യാനോ, ദുരുപയോഗം ചെയ്യാനൊ, ഏതെങ്കിലും ധനകാര്യസ്ഥാപനങ്ങളിൽ പണയപ്പെടുത്താനൊ പാടുള്ളതല്ല.
3. ഭൂമി അനുവദിക്കുന്ന ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.
4. കേരള വാട്ടർ അതോറിറ്റി പ്രസ്തുത ഭൂമിയിൽ കയ്യേറ്റം ഉണ്ടാകാതെ സംരക്ഷിക്കേണ്ടതാണ്.
5. സർക്കാരിൽ നിന്നുണ്ടാകുന്ന ഉത്തരവുകൾക്ക് വിധേയമായി കേരള വാട്ടർ അതോറിറ്റിക്ക് നൽകിയഉപയോഗാനുമതി ആവശ്യമെങ്കിൽ പുന:പരിശോധനയ്ക്ക് വിധേയമാകുന്നതായിരിക്കും
6. മേൽ പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കപ്പെടുന്ന പക്ഷം നിർദ്ദിഷ്ട ഭൂമി അതാത് വകുപ്പുകളിലേയ്ക്ക് പുനർനിക്ഷിപ്തമാക്കുന്നതാണ്.
7. ഈ കാര്യത്തിൽ നിയമാനുസൃതമായ തുടർ നടപടികൾ ബന്ധപ്പെട്ട തഹസിൽദാർമാർ/എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർ സ്വീകരിക്കേണ്ടതാണ്.

ജില്ലാകളക്ടർ

പാലക്കാട്

പകർപ്പ്-

1. .ലാൻഡ് റവന്യൂ കമ്മീഷണർ തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ,കേരള വാട്ടർ അതോറിറ്റി,പാലക്കാട്.
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ,കേരള വാട്ടർ അതോറിറ്റി,ചിറ്റൂർ
4. തഹസിൽദാർ,പാലക്കാട്,ചിറ്റൂർ,ആലത്തൂർ
5. ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർ-ആവശ്യമായ രേഖപ്പെടുത്തലുകൾ റിക്കാർഡിൽ വരുത്തുന്നതിന്
6. സെക്രട്ടറി,ഗ്രാമപഞ്ചായത്ത്,ഇലപ്പുള്ളി
7. സെക്രട്ടറി,ഗ്രാമപഞ്ചായത്ത്,പറളി
8. സെക്രട്ടറി,ഗ്രാമപഞ്ചായത്ത്,കൊടുവായൂർ
9. കെ.എസ്.എച്ച്.ബി,പാലക്കാട്
10. സ്റ്റോക്ക് ഫയൽ

ed by Mrunmai Joshi
: 23-06-2022 17:35:30

154546/2022

കേരള വാട്ടർ അതോറിറ്റിയുടെ ജലജീവൻ പദ്ധതിയുടെ ഭാഗമായി ജലവിതരണത്തിനായി ജലസംഭരണി സ്ഥാപിക്കുന്നതിന് സർക്കാർ ഭൂമി ലഭ്യമാക്കുന്നതു സംബന്ധിച്ച് ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം ഡെപ്യൂട്ടി കളക്ടർ(എൽ.ആർ) ശ്രീ.ബാലസുബ്രമണ്യം.എൻ 22.06.2022 ന് ഗൂഗിൾ മീറ്റ് വഴി നടത്തിയ യോഗത്തിന്റെ നടപടി കുറിപ്പ്.
യോഗം 12.40 PM ന് ആരംഭിച്ചു.

<u>യോഗത്തിൽ പങ്കെടുത്തവർ</u>

1. ശ്രീ.ബാലസുബ്രമണ്യം.എൻ, ഡെപ്യൂട്ടി കളക്ടർ(എൽ.ആർ)
2. ശ്രീമതി.അമൃതവല്ലി.ഡി, ആർ.ഡി.ഒ ,പാലക്കാട്
3. ശ്രീ.ശ്രീജിത്ത്,സീനിയർ സൂപ്രണ്ട്,സബ്കളക്ടർ,ഒറ്റപ്പാലം
4. ശ്രീ.സുധാകരൻ.വി,തഹസിൽദാർ(എൽ.ആർ),പാലക്കാട്
5. ശ്രീ.ബാലകൃഷ്ണൻ,തഹസിൽദാർ,ആലത്തൂർ
6. ശ്രീ.ബിനു സെബാസ്റ്റ്യൻ,തഹസിൽദാർ,ചിറ്റൂർ
7. ശ്രീ.ഷാനവാസ് ഖാൻ,തഹസിൽദാർ(എൽ .ആർ),അട്ടപ്പാടി
8. എക്സിക്യൂട്ടീവ് എൻജിനീയർ,ചിറ്റൂർ ഡിവിഷൻ
9. എക്സിക്യൂട്ടീവ് എൻജിനീയർ,പാലക്കാട് ഡിവിഷൻ
10. സെക്രട്ടറി,കണ്ണാടി ഗ്രാമപഞ്ചായത്ത്
11. സെക്രട്ടറി,പറളി ഗ്രാമപഞ്ചായത്ത്
12. സെക്രട്ടറി,മുതലമട ഗ്രാമപഞ്ചായത്ത്
13. സെക്രട്ടറി,കോട്ടായി ഗ്രാമപഞ്ചായത്ത്
14. സെക്രട്ടറി,പൂട്ടൂർ ഗ്രാമപഞ്ചായത്ത്
15. സെക്രട്ടറി,എലപ്പുള്ളി ഗ്രാമപഞ്ചായത്ത്
16. സെക്രട്ടറി,ഷോളയൂർ ഗ്രാമപഞ്ചായത്ത്
17. സെക്രട്ടറി,വട്ടലക്കി ഫാമിംഗ് സൊസൈറ്റി
18. പ്രിൻസിപ്പാൾ, ഇൻഡസ്ട്രിയൽ ട്രയനിംഗ്
19. അസ്സിസ്റ്റൻഡ് എൻജനീയർ,കെ.എസ്.എച്ച്.ബി
20. അസ്സിസ്റ്റൻഡ് എൻജനീയർ,കെ.എസ്.ഐ.ഡി.സി.
21. ശ്രീ.അയ്യപ്പൻ കനിയങ്ങോടൻ ,ജൂനിയർ സൂപ്രണ്ട്,എൽ.ആർ.ജി.

കേരള വാട്ടർ അതോറിറ്റിയുടെ ജലജീവൻ പദ്ധതിയുടെ ഭാഗമായി ജലവിതരണത്തിനായി ജലസംഭരണി സ്ഥാപിക്കുന്നതിന് സർക്കാർ ഭൂമി ലഭ്യമാക്കുന്നതു സംബന്ധിച്ച് അതത് വകുപ്പുകളുടെ എൻ.ഒ.സി ലഭ്യമാക്കുന്നതു സംബന്ധിച്ചാണ് ഈ യോഗം വിളിക്കുന്നതിനു കാരണമെന്ന് ഡെപ്യൂട്ടി കളക്ടർ(എൽ.ആർ) ആമുഖമായി പറഞ്ഞു.ഇത് ഒരു സമയബന്ധിത പദ്ധതിയാണെന്നും നിലവിൽ അനുവാദിച്ചിരിക്കുന്ന ഫണ്ടിന്റെ കാലപരിധി കഴിയുന്നതിനു മുമ്പ് തന്നെ ഈ പദ്ധതി പൂർത്തിയാക്കണമെന്നും ആയതിന് എല്ലാ വകുപ്പുകളുടെയും സഹകരണം ആവശ്യമാണെന്നും ഡെപ്യൂട്ടി കളക്ടർ(എൽ.ആർ) നിർദ്ദേശിച്ചു.ജൽജീവൻ മിഷൻ സംസ്ഥാന സർക്കാരിന്റെ മുൻഗണനാ വിഭാഗത്തിലുള്ള പദ്ധതിയായതിനാൽ ടി പദ്ധതിക്കായി നിലവിൽ

/2022

ഉടമസ്ഥാവകശമുള്ള വകുപ്പുകൾക്ക് തന്നെ അവകാശം നിലനിർത്തി ഉപയോഗാനുമതി
നൽകുന്നതിന് ജില്ലാ കളക്ടർക്ക് അധികാരം നൽകി കൊണ്ടുള്ള സർക്കാർ ഉത്തരവ്
വന്നിട്ടുണ്ടെന്നും ,ഇത് ജനങ്ങൾക്ക് ഉപകാരപ്രദമായ പദ്ധതിയാണെന്നും ഇതിനു വേണ്ടി മിനിമം
ഭൂമിയെ ആവശ്യപ്പെട്ടന്നൊള്ളുവെന്നും ഡെപ്യൂട്ടി കളക്ടർ അറിയിച്ചു.ആയതിനാൽ നിലവിൽ
ഏതു വകുപ്പിന്റെ കീഴിലാണൊ നിശ്ചിത ഭൂമി ഉള്ളത് ഇന്ന് തന്നെ അതാതു വകുപ്പ് ഭൂമി
നൽകുന്നതിന് ആക്ഷേപമില്ല എന്ന സമ്മതപത്രം ഇ-മെയിൽ ചെയ്യണമെന്ന് നിർദ്ദേശിച്ചു.
കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിരിക്കുന്ന ഭൂമി വിവരങ്ങൾ അടങ്ങിയ ലിസ്റ്റിലെ ബന്ധപ്പെട്ട
വകുപ്പ മേധാവികളോട് ടി വിഷയം സംബന്ധിച്ച് ചർച്ച ചെയ്തു.

പാലക്കാട് താലൂക്കിലെ പറളി-1 വില്ലേജിന്റെ കീഴിലുള്ള കെ.ഡബ്ലിയു സമർപ്പിച്ചിരിക്കുന്ന 123/07-2
ൽ പെട്ട സ്ഥലം വനം വകുപ്പിന്റെ കീഴിലായതിനാൽ ആയതു സംബന്ധിച്ച് സമ്മതപത്രത്തിന്
വനം വകുപ്പിന് കത്ത് നൽകാൻ എക്സിക്യൂവ് എൻജിനീയർ പാലക്കാടിനോട് നിർദ്ദേശിച്ചു.കത്ത്
നൽകിയിട്ടുണ്ട് എന്ന് എക്സിക്യൂവ് എൻജിനീയർ അറിയിച്ചു.പറളി പഞ്ചായത്തിന്റെ കീഴിലുള്ള 548/9
സർവ്വേ നം പെട്ട സ്ഥലം ഭൂമി നൽകുന്നതിന് ആക്ഷേപമില്ല എന്ന സമ്മതപത്രം ഇന്നു തന്നെ
ഇ-മെയിൽ ചെയ്യണമെന്ന് സെക്രട്ടറി,പറളി ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിച്ചു.
കോട്ടായി 2 വില്ലേജിന്റെ കീഴിലുള്ള സർവ്വേ 119/4,121/13 നം സ്ഥലം ഇറിഗേഷൻ വകുപ്പിന്റെ
കീഴിലുള്ളതിന്റെ എൻ.ഒ.സി സമർപ്പിക്കാൻ ബന്ധപ്പെട്ട് എക്സിക്യൂട്ടീവ് എൻജിനീയറോട്
നിർദ്ദേശിച്ചു.
കോട്ടായി 1 വില്ലേജിന്റെ പരിധിയിൽ പെട്ട സർവ്വേ 699/4,1/1 എന്നീ പഞ്ചായത്തിന്റെ കീഴിലുള്ള
സ്ഥലങ്ങൾ സംബന്ധിച്ചും ഭൂമി നൽകുന്നതിന് ആക്ഷേപമില്ല എന്ന സമ്മതപത്രം
നൽകണമെന്ന് നിർദ്ദേശിച്ചു.
കോട്ടായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിലവിൽ മാർക്ക ചെയ്ത സ്ഥലത്തിന്റെ സ്കെച്ച് തന്നിട്ടില്ല
എന്ന ആക്ഷേപത്തിൻ ആയതിന്റെ ഒരു പകർപ്പ് നൽകാൻ തഹസിൽദാറോട് നിർദ്ദേശിച്ചു.
കുഴൽമന്ദം വില്ലേജ് സർവ്വേ 602/5,603/5,6 ൽ പെട്ട ഇൻഡസ്ട്രിയൽ ഡിപ്പാർട്ട്മെന്റിന്റെ 12
സെന്റ് സ്ഥലം പഞ്ചായത്ത് കുടിവെള്ള പദ്ധതിക്കായി വിട്ടു നൽകിയിട്ടുള്ളതും ആയതിന്
പകരമായി പഞ്ചായത്തിന്റെ റീസർവ്വെ 605/3 സ്ഥലത്തു നിന്നും 12 സെന്റ് സ്ഥലം വിട്ടു
നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും അറിയിച്ചു.

ചിറ്റൂർ താലൂക്ക് മുതലമട വില്ലേജിൽ പെട്ട സർവ്വേ 331/1 ൽ പെട്ട സ്ഥലം കെ.എസ്.എച്ച്.ബി
യുടെ കീഴിലുള്ള സ്ഥലം സംബന്ധിച്ച് ബി.ടി.ആർ പ്രകാരം സർക്കാർ എന്നാണ്
കാണുന്നതെന്നും കെ.എസ്.എച്ച്.ബി ക്ക് കൈമാറിയതു സംബന്ധിച്ച് വ്യക്തമല്ലെന്നും
തഹസിൽദാർ ചിറ്റൂർ അറിയിച്ചു.ആയതു സംബന്ധിച്ച് അന്വേഷിക്കാൻ ഡെപ്യൂട്ടി കളക്ടർ
തഹസിൽദാറോട് നിർദ്ദേശിച്ചു.ടി ഭൂമി മിച്ചഭൂമിയിൽ ഉൾപ്പെട്ടതാണെങ്കിൽ ആയത് പൊതു
ആവശ്യത്തിനായി എന്ന നിർദ്ദേശത്തിൽ താലൂക്ക് ലാന്റ് ബോർഡിൽ നിന്നും തിരികെ
വാങ്ങാമെന്നും അഭിപ്രായപ്പെട്ടു.
നിലവിൽ റിപ്പോർട്ട് സമർപ്പിക്കേണ്ട തഹസിൽദാർമാരിൽ നിന്നും എത്രയും വേഗം ലഭ്യമാക്കി
ജില്ലാകളക്ടർക്ക് സമർപ്പിക്കാൻ ആർ.ഡി.ഒ പാലക്കാടിനൊട് നിർദ്ദേശിച്ചു.

അട്ടപ്പാടി താലൂക്ക് പാടവയൽ വില്ലേജ് പുട്ടൂർ പഞ്ചയത്തിന്റെ കീഴിലുള്ള സ്ഥലം സംബന്ധിച്ച്
വികസന സമിതിയുടെ 30-) തീയതി നടക്കുന്ന ഭരണസമിതി മീറ്റിംഗ് തീരുമാനപ്രകാരം

അറിയിക്കാം പുതൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിഎന്ന് അഭിപ്രായപ്പെട്ടപ്പോൾ ഒരു അടിയന്തിര ഭരണസമിതി കൂടി തീരുമാനം വേഗത്തിൽ അറിയിക്കാൻ നിർദ്ദേശിച്ചു.

വട്ടലക്കി ഫാമിംഗ് സൊസൈറ്റി യുടെ കീഴിലുള്ള സ്ഥലം സംബന്ധിച്ച് അധ്യക്ഷ ജില്ലാ കളക്ടർ ആയതിനാൽ ഇന്നു തന്നെ കളക്ടർക്ക് അപേക്ഷ സമർപ്പിക്കാൻ നിർദ്ദേശിച്ചു.

KSIDC യുടെ സ്ഥലം കുടെയുള്ള പദ്ധതിക്കായി വിട്ടു വിട്ടു വൽകുന്നതിന് ഇന്നു തന്നെ ആക്ഷേപമില്ല എന്ന സമ്മതപത്രം ഇ-മെയിൽ ചെയ്യാൻ ഡെപ്യൂട്ടി കളക്ടർ(എൽ.ആർ) നിർദ്ദേശിച്ചു.

യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും ഡെപ്യൂട്ടി കലക്ടർ(എൽ.ഈർ നന്ദി രേഖപ്പെടുത്തി.

യോഗം 1.30 PM യിന് അവസാനിച്ചു.

ഡെപ്യൂട്ടി കളക്ടർ(എൽ.ആർ)
ജില്ലാ കളക്ടർക്കു വേണ്ടി

പകർപ്പ്-തഹസിൽദാർ പാലക്കാട്,ചിറ്റൂർ,ആലത്തൂർ,അട്ടപ്പാടി
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും(തഹസിൽദാർ മുഖേന)
എക്സിക്യൂട്ടീവ് എൻജിനീയർ-പാലക്കാട് ഡിവിഷൻ,ചിറ്റൂർ ഡിവിഷൻ , KWA
പ്രിൻസിപ്പൽ ഐ.റ്റി.ഐ,
എ.ഇ ,കെ.എസ്.എച്ച്.ബി.
സെക്രട്ടറി,വട്ടലക്കി ഫാമിംഗ് സൊസൈറ്റി.

Signed by
Balasubrahmoniam N
Date: 23-06-2022 12:09:30